എല്ലാ മാസത്തിലും ചേരാറുള്ള സെക്രട്ടറിമാരുടെ യോഗത്തിൽ ഈ വിഷയം സംബന്ധിച്ച് പുരോഗതി അവലോകനം ചെയ്തുവരുന്നുണ്ട്. പല വകുപ്പുകളിലും ഇതിനകം 11.2.1998-ലെ ഉത്തരവു പ്രകാരമുള്ള നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

(2) കേരളത്തിലെ വിമുക്തഭടന്മാരുടെ വിവിധ ആവശ്യങ്ങൾ

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, വിമുക്തഭടന്മാർക്ക് സഹായങ്ങളും മാന്യമായ അംഗീകാരവും പരിഗണനകളും നൽകണമെന്ന് ബഹു. മുഖ്യ മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. എക്സ്സർവ്വീസ്മെൻ ലീഗ് ബഹു. മുഖ്യമന്ത്രിക്ക് നിവേദനങ്ങൾ നൽകിയിട്ട് ഇതുവരെ അതിന്റെ ഫലം കണ്ടിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ അവർ കഴിഞ്ഞ 20-ാം തീയതി നമ്മുടെ സംസ്ഥാനത്ത് ധർണ നടത്തിയിരുന്നു. ഇൻഡ്യാരാജ്യത്ത് ബീഹാറും മേഘാലയയും കേരളവുമൊഴിച്ച് മറ്റു പല സംസ്ഥാനങ്ങളിലും വിമുക്തഭടൻമാർക്ക് വളരെയധികം ആനുകൂല്യങ്ങളും സഹായങ്ങളും സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്. കരസേനയിലും വ്യോമസേനയിലും നാവികസേനയിലുമെല്ലാം ജോലി ചെയ്ത് 45 വയസ്സ് ആകുന്നതിനുമുമ്പ് തിരിച്ചയക്കപ്പെടുന്നവരുടെ പ്രശ്നങ്ങളാണ്, കേരളത്തിൽ വിമുക്തഭടന്മാർക്ക് ഒരു കോർപ്പറേഷൻ തുടങ്ങണമെന്നുള്ളത് അവരുടെ വളരെക്കാലമായുള്ള ആവശ്യമാണ്. നിർദ്ദിഷ്ട വിമുക്തഭട കോർപ്പറേഷൻ ആരംഭിക്കണമെന്ന് ഞാൻ ബഹു. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പോലീസ്, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ഫയർ ഫോഴ്സ് തുടങ്ങിയ വകുപ്പുകളിൽ 25% സംവരണം മറ്റ് സംസ്ഥാനങ്ങളിൽ നൽകുന്നതുപോലെ നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സഹകരണ വകുപ്പിൽ വിമുക്തഭടന്മാർക്ക് മറ്റ് വകുപ്പുകളിൽ അനുവദിച്ചിട്ടുള്ളതുപോലെയുള്ള വയസ്സിളവ് ഇതുവരെ അനുവദിച്ചിട്ടില്ല. അതുപോലെ സാമ്പത്തികസഹായം ലഭിക്കുന്നതിനുവേണ്ടി വിമുക്ത ഭടന്മാർക്കും അവരുടെ ആശ്രിതർക്കും വളരെ വർഷങ്ങൾക്കുമുമ്പുള്ള വരുമാന പരിധിയാണ് 20,000 ഉറുപ്പിക. അത് കാലോചിതമായി വർദ്ധിപ്പിച്ച് 50,000 ഉറുപ്പികയാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്ന് ടെലിഫോണിനും മറ്റ് കാര്യങ്ങൾക്കുമൊക്കെത്തന്നെ വിമുക്തഭടന്മാർക്ക് മുൻഗണനയുണ്ട്. നമ്മുടെ സംസ്ഥാനത്ത് വിദ്യുച്ഛക്തി കണക്ഷനുപോലും വിമുക്തഭടന്മാർക്ക് യാതൊരു പ്രയോറിറ്റിയുമില്ല. അതുകൊണ്ട് വിദ്യുച്ഛക്തി കണക്ഷൻ ലഭിക്കാൻ അവർക്ക് പ്രയോറിറ്റി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും ആശുപത്രികളിൽ വളരെയധികം പരിഗണനകൾ ലഭിക്കുന്നു. വിമുക്തഭടന്മാർക്കുവേണ്ടി പ്രത്യേക വാർഡുകൾതന്നെ ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളിൽ അവർക്ക് ആവശ്യമായ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പ്രശ്നങ്ങളെല്ലാം കണക്കിലെടുത്ത് കോർപ്പറേഷൻ രൂപീകരിക്കുകയോ അല്ലെങ്കിൽ ഒരു ഡിപ്പാർട്ടുമെന്റ് തന്നെ ഇക്കാര്യത്തിൽ ഉണ്ടാക്കുകയോ ചെയ്യാൻ നടപടികളെടുത്തുകൊണ്ട് നമ്മുടെ അഭിമാനമായ, കാർഗിൽ ഉൾപ്പെടെയുള്ള യുദ്ധത്തിൽ മരണപ്പെടാത്ത, ജീവിച്ചിരിക്കുന്ന, നമ്മുടെ ദേശാഭിമാനികളുടെ പ്രശ്നങ്ങൾ വളരെ സജീവമായി പരിഗണിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സംസ്ഥാന സർക്കാരിന്റെ എൻ.സി.സി, സൈനികക്ഷേമ വകുപ്പുകളിൽ 100%-ഉം പോലീസ് വകുപ്പിലെ കോൺസ്റ്റബിൾ, ഡ്രൈവർ തസ്തികകളിൽ 10%-ഉം മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ 10%-ഉം വിവിധ വകുപ്പുകളിലെ സെക്യൂരിറ്റി, സർജന്റ് തസ്തികകളും വിമുക്തഭടന്മാർക്ക് സംവരണം ചെയ്തിട്ടുണ്ട്. വിമുക്തഭടന്മാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് വാർഷിക വരുമാനപരിധി 50,000 രൂപയായി ഉയർത്തണമെന്ന് 17.12.1998-ൽ കൂടിയ രാജ്യ സൈനിക ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്. സേവനത്തിലിരിക്കുന്ന സൈനികർക്ക് ഇപ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് മുൻഗണന നൽകിയിട്ടുണ്ട്. വിമുക്തഭട കോർപ്പറേഷൻ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിന് ആവശ്യമായ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

(3) മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾക്ക് മത്സ്യഫെഡിൽ അഫിലിയേഷൻ നൽകുന്നതു സംബന്ധിച്ച്

ശ്രീ. പി. രാജു : സർ, സംസ്ഥാനത്ത് നിയമാനുസൃതം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യഫെഡിൽ അഫിലിയേഷൻ ലഭിക്കുന്നതിനായി 1997 മുതൽ അപേക്ഷ നൽകിയ മത്സ്യത്തൊഴിലാളി ക്ഷേമ പ്രാഥമിക സംഘങ്ങൾക്ക് നാളിതുവരെ അഫിലിയേഷൻ ലഭിച്ചിട്ടില്ല. അതിന്റെ ഫലമായി സംസ്ഥാനത്തെ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതിന് അടിയന്തിരമായി ഒരു പരിഹാരം ഉണ്ടാകണം. എട്ടാം സമ്മേളനത്തിൽ ഇതു സംബന്ധിച്ച് ഞാൻ ഉന്നയിച്ച സബ്മിഷന് മറുപടി നൽകിക്കൊണ്ട് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞത് ഒരു മാസത്തിനുള്ളിൽ അഫിലിയേഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കാം എന്നാണ്. എന്നാൽ മന്ത്രിയുടെ നിയമസഭയിലെ ഉറപ്പിന് ഇതുവരെ യാതൊരു വിലയും ലഭിച്ചിട്ടില്ല. ഞങ്ങളുടെ ഒരു സംഘത്തിനും അഫിലിയേഷൻ നൽകിയിട്ടുമില്ല. 21.5.1997 മുതൽ നൽകിയ അപേക്ഷയിന്മേൽ ഒരു തീരുമാനവും ഉണ്ടാകാതെ കിടക്കുകയാണ്. മത്സ്യഫെഡിൽ ലഭിക്കുന്ന അഫിലിയേഷനുള്ള അപേക്ഷയിന്മേൽ 45 ദിവസത്തിനകം തീരുമാനം എടുക്കണമെന്നാണ് മത്സ്യഫെഡിന്റെ നിയമാവലിയിൽ പറയുന്നത്. അതുപോലെ തന്നെ സംസ്ഥാനത്ത് എവിടെയും മത്സ്യസംഘങ്ങൾ രജിസ്റ്റർ ചെയ്യാനും അഫിലിയേഷൻ നൽകാനും നിയമാവലിയിൽ ഇന്ന് വ്യവസ്ഥയുണ്ട്. യാതൊരുവിധ ന്യൂനതകളുമില്ലാതെ എഴുപതിൽപ്പരം അപേക്ഷകൾ അഫിലിയേഷൻ ലഭിക്കുന്നതിനായി മത്സ്യഫെഡിൽ കെട്ടിക്കിടക്കുന്നുണ്ട്. ഇതിന് അഫിലിയേഷൻ നൽകാൻ ഒരു നിശ്ചിത സമയപരിധി നിശ്ചയിച്ചുകൊണ്ട് നടപടി ഉണ്ടാകണം. അതുപോലുള്ള പ്രശ്നമാണ് ഇപ്പോൾ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ളത്. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ഫിഷറീസ് ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിലാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത്. ഇതിൽ എറണാകുളത്തും തിരുവനന്തപുരത്തും സാമാന്യം തടസ്സമില്ലാതെ രജിസ്ട്രേഷനുകൾ നടക്കുന്നുണ്ട്. എന്നാൽ കോഴിക്കോട് ഞങ്ങളുടെ ഒരു സംഘത്തിനും രജിസ്ട്രേഷൻ നൽകുന്നില്ല. കാരണം അന്വേഷിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly